## കോളജ് വിദ്യാഭ്യാസ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം.

കോവിവ - ജീവനക്കാര്യം - ജൂനിയർ സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥലംമാറ്റം/ സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ:C2/5493/2020/DCEതിരുവനന്തപുരം | തീയതി:07.08.2020

---

*പരാമർശം:*-(1) 07/08/2020 തീയതികളിലെ ഉത്തരവ് നം.സി1/2109/2019/കോവിവ
(2) 25.06.2020 -ലെ ഈ കാര്യാലയത്തിലെ ഇതേ നമ്പർ ഉത്തരവ്.

**ഉത്തരവ്**

പരാമർശം (1) ഉത്തരവ് പ്രകാരം കോളേജ് വിദ്യാഭ്യാസ വകുപ്പ് ആസ്ഥാന കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ടായ ശ്രീ മുഹമ്മദ് ഫാസിൽ എ -ക്ക് ലഭിച്ചിരുന്ന സീനിയർ സൂപ്രണ്ട് തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം ടിയാൻ നിരസിച്ചിട്ടുള്ളതാകുന്നു. മേൽസാഹചര്യത്തിൽ 07/08/2020 ലെ ഉത്തരവ് നമ്പർ സി1/ 2109/ 2019/ കോവിവ (2) പ്രകാരം കോട്ടയം കോളേജ് വിദ്യാഭ്യാസ വകുപ്പ് ആസ്ഥാന കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ടായ ശ്രീമതി സജന പി ടി ക്കു സീനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം നല്കിയിട്ടുള്ളതാകുന്നു. മേൽസാഹചര്യത്തിൽ ചുവടെപ്പറയുന്ന ജൂനിയർ സൂപ്രണ്ടുമാരെ അവരുടെ പേരിനെതിരെ സൂചിപ്പിച്ചിരിക്കുന്ന സ്ഥാപനത്തിലേക്ക് സ്ഥലംമാറ്റി നിയമിച്ച് ഉത്തരവാകുന്നു.

**സ്ഥലംമാറ്റം.**

| ക്രമനമ്പർ | പേര്, നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനം. | സ്ഥലം മാറ്റി നിയമിക്കുന്ന സ്ഥാപനം |
|---|---|---|
| 1 | ശ്രീ ഷൈൻ കെ എസ്<br>ജൂനിയർ സൂപ്രണ്ട്<br>കോളേജ് വിദ്യാഭ്യാസ വകുപ്പ്<br>ഡെപ്യൂട്ടി ഡയറക്ടറേറ്റ് കൊല്ലം<br>(ഹോംസ്റ്റേഷൻ കോട്ടയം) | കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറേറ്റ് കോട്ടയം<br>(ശ്രീമതി സജന പി ടി ജൂനിയർ സൂപ്രണ്ടിന് സ്ഥാനക്കയറ്റം നൽകുന്ന ഒഴിവിൽ) |
| 2 | ശ്രീ ഗിരീഷ് ഡി<br>ജൂനിയർ സൂപ്രണ്ട്<br>കോളേജ് വിദ്യാഭ്യാസ വകുപ്പ്<br>ഡയറക്ടറേറ്റ് തിരുവനന്തപുരം<br>(ഹോംസ്റ്റേഷൻ ഇടുക്കി) | കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറേറ്റ് കൊല്ലം<br>(ശ്രീ ഷൈൻ കെ എസ് ജൂനിയർ സൂപ്രണ്ട് -നു സ്ഥലംമാറ്റം നൽകുന്ന ഒഴിവിൽ) |

മേൽസാഹചര്യത്തിൽ പരാമർശം (2) ഉത്തരവ് പ്രകാരം ജൂനിയർ സൂപ്രണ്ട് തസ്തികയിൽ സ്ഥാനക്കയറ്റം നൽകിയിരുന്ന പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ അന്യത്ര സേവനത്തിൽ തുടരുന്ന ശ്രീ റിയാസ് കെ യെ കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ശ്രീ ഗിരീഷ് ഡി ജൂനിയർ സൂപ്രണ്ടിന് സ്ഥലം മാറ്റം നൽകുന്ന ഒഴിവിൽ നിലനിർത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഈ ഉത്തരവ് പ്രകാരം സ്ഥലംമാറ്റം ലഭിച്ച ജീവനക്കാർ ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ നിന്നും 14 ദിവസത്തിനകം വിടുതൽ വാങ്ങി നിയമനം ലഭിച്ച സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. ഈ ഉത്തരവ് കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റ് ആയ www.collegiateedu.kerala.gov.in യിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി ജീവനക്കാർ വിടുതൽ ചെയ്യുന്നതും ജോലിയിൽ പ്രവേശിക്കുന്നതുമായ വിവരങ്ങൾ സ്ഥാപന മേധാവികൾ യഥാസമയം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

Approval Valid

Digitally Approved By
ഷുജ ആർ
Date: 07.08.2020
Reason: Approved

Sd/-
ഷുജ ആർ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
0471-2303548
dirdce.colledn@kerala.gov.in

പകർപ്പ്,
(1) ബന്ധപ്പെട്ട ജീവനക്കാർക്ക്.
(2) ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക്.